എ.വൈ.ആർ

# സൂറ– 30 / അർറൂം

### സൂക്തം: 01– 04

അല്ലാഹുവിന്റെ നീതിനിഷ്ഠമായ നടപടിക്രമത്തിന്റെ ഫലമായിട്ടാണ് എല്ലാം സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഇഹലോകത്തിന്റെ ബാഹ്യപ്രതിഭാസങ്ങൾ മാത്രം നിരീക്ഷിച്ച് വിധിയെഴുതുന്നവരുടെ ദൃഷ്ടിയിൽ ദൈവിക നടപടിയുടെ അർഥവും ന്യായവും പരിണതിയുമൊന്നും വരുന്നില്ല. അവർ തുടച്ചുനീക്കപ്പെട്ടു എന്നു കരുതുന്ന റോം വിദൂരമല്ലാത്ത ഭാവിയിൽ വിജയിക്കാൻ പോവുകയാണ്.



## ആമുഖം

റോമാ സാമ്രാജ്യവും പേർഷ്യൻ സാമ്രാജ്യവും തമ്മിൽ നടന്ന യുദ്ധത്തിൽ റോമിന്റെ പരാജയം - غُلِبَتِ الرُّومُ പരാമർശിച്ചുകൊണ്ട് തുടങ്ങുന്നതിനാൽ ഈ സൂറക്ക് *അർറൂം* (റോമ) എന്ന് നാമകരണം ചെയ്യപ്പെട്ടു. 60 സൂക്തങ്ങളുള്ള സൂറയുടെ അവതരണം മക്കയിലാണ് എന്ന കാര്യത്തിൽ തർക്കമില്ല. സൂറ സൂചിപ്പിക്കുന്നത് റോമാ സാമ്രാജ്യത്തിന്റെ അധിനിവിഷ്ട രാജ്യമായിരുന്ന സിറിയയിലെ അദ്‌രിആത്തിൽ (اذرعات)ൽ വെച്ചു നടന്ന ഏറ്റുമുട്ടലാണ്. പേർഷ്യൻ പട സിറിയയും ഫലസ്ത്വീനും ജോർദാനും കീഴടക്കിയത് സി.ഇ 613-615 ലായിരുന്നു. അതിനാൽ ഈ സൂറയുടെ അവതരണം 615-ലോ 616-ലോ ആണെന്ന് കണക്കാക്കാം. മുഹമ്മദ് നബിയും ശിഷ്യന്മാരും ഖുറൈശികളുടെ മർദന പീഡനങ്ങൾക്കിരയായിക്കൊണ്ടിരുന്ന കാലമാണത്. അവതരണക്രമം പരിഗണിക്കുമ്പോൾ 84-ാം സൂറയാണിത്. സൂറ *അൽ ഇൻശിഖാഖി*നു ശേഷവും *അൽ അൻകബൂത്തി*നു മുമ്പുമായിട്ടാണ് ഇത് അവതരിച്ചതെന്ന് പറയപ്പെടുന്നു.

മറ്റു മക്കീ സൂറകളുടേതെന്ന പോലെ തൗഹീദും ആഖിറത്തും രിസാലത്തും തന്നെയാണ് ഈ സൂറയുടെയും പ്രമേയം. ഉള്ളടക്കവും പ്രതിപാദന രീതിയും പരിഗണിക്കുമ്പോൾ *അൽ അൻകബൂത്തി*ന്റെ പോഷക സൂറയാണ് സൂറ *അർറൂം*. രണ്ടും തുടങ്ങുന്നത് الٓمٓ കൊണ്ടാണ്. *അൽ അൻകബൂത്ത്* ജിഹാദ് ഉപദേശിച്ചിരിക്കുന്നു. ഈ സൂറ അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദ് ചെയ്യുന്നവർക്ക് വിജയം വാഗ്ദാനം ചെയ്യുന്നു. തൗഹീദിനെക്കുറിച്ച് *അൻകബൂത്തി*ലെ പ്രസ്താവനകളെ ഈ സൂറ കുറേക്കൂടി വിശദീകരിക്കുന്നുണ്ട്. *അൻകബൂത്ത്* വേദക്കാരുമായി നല്ല നിലയിൽ സംവദിക്കാൻ മുസ്‌ലിംകളെ ഉപദേശിച്ചു. ഏകദൈവ വിശ്വാസികളായ റോമക്കാർ തൽക്കാലം പേർഷ്യക്കാരോടു പരാജയപ്പെട്ടുവെങ്കിലും അധികം വൈകാതെ അവർ പേർഷ്യയെ അതിജയിക്കുമെന്ന് പ്രവചിക്കുന്നു. പ്രത്യക്ഷ സാഹചര്യം എത്ര തന്നെ പ്രതികൂലമാണെങ്കിലും അല്ലാഹു മുസ്‌ലിംകൾക്ക് വിജയമരുളുമെന്നും ഇസ്‌ലാമിനെ അതിന്റെ ലക്ഷ്യത്തിലെത്തിക്കുമെന്നും മുൻ സൂറ സുവിശേഷം നൽകിയിട്ടുണ്ടല്ലോ. ആ വിജയം മനുഷ്യർ കണക്കു കൂട്ടുന്ന മാർഗത്തിലൂടെയും ഉപാധികളിലൂടെയും ആയിരിക്കണമെന്നില്ല. അയൽപ്രദേശത്ത് നടക്കുന്ന റോമാ-പേർഷ്യൻ യുദ്ധം ഒരുദാഹരണമാകുന്നു. റോം ഇനിയൊരിക്കലും എഴുന്നേൽക്കാനാവാത്ത വിധം വീണുകഴിഞ്ഞുവെന്നും പേർഷ്യ ഒറ്റക്കാണിനി ലോകം ഭരിക്കുകയെന്നും ആളുകൾ കരുതുന്നു. എന്നാൽ ഒരു പത്തു വർഷത്തിനകം റോം ഉയിർത്തെഴുന്നേൽക്കുകയും പേർഷ്യയെ നിലംപരിശാക്കുകയും ചെയ്യും എന്നതാണ് വാസ്തവം. രണ്ടു സാമ്രാജ്യങ്ങളോടും ബന്ധമില്ലാതെ സ്വതന്ത്ര സമൂഹങ്ങളായി ജീവിച്ചുവന്ന അറബികളെ റോമാ-പേർഷ്യൻ യുദ്ധം ഒരു തരത്തിലും ബാധിച്ചിരുന്നില്ല. എങ്കിലും അയൽ നാട്ടിൽ നടക്കുന്ന ഒരു മഹാസംഭവം എന്നതിലുപരി പ്രാധാന്യത്തോടെ മുസ്‌ലിംകളും മുശ്‌രിക്കുകളും ആ യുദ്ധം ചർച്ച ചെയ്തുകൊണ്ടിരുന്നു. റോമിനോടായിരുന്നു മുസ്‌ലിംകളുടെ അനുഭാവം. അവർ അടിസ്ഥാനപരമായി ഏകദൈവത്തിലും പരലോകത്തിലും വിശ്വസിക്കുന്നവരാണല്ലോ. അഗ്നിയാരാധകരും ബഹുദൈവവിശ്വാസികളുമായ പേർഷ്യയോടായിരുന്നു ഖുറൈശികളുടെ അനുഭാവം. അവരുടെ ദൃഷ്ടിയിൽ അത് റോമാസാമ്രാജ്യവും പേർഷ്യൻ സാമ്രാജ്യവും തമ്മിലുള്ള യുദ്ധം മാത്രമായിരുന്നില്ല, ഏകദൈവവിശ്വാസികളും ബഹുദൈവ വിശ്വാസികളും തമ്മിലുള്ള യുദ്ധം കൂടിയായിരുന്നു.

പേർഷ്യ ജയിച്ചപ്പോൾ അത് ബഹുദൈവവിശ്വാസികളു

ടെ വിജയവും ഏകദൈവ വിശ്വാസികളുടെ പരാജയവുമായി അവർ കൊട്ടിഘോഷിച്ചു. അതിന്റെ പേരിൽ മുസ്‌ലിംകളെ പരിഹസിക്കുകയും വെല്ലുവിളിക്കുകയും ചെയ്തു. മജൂസികൾ ക്രിസ്ത്യാനികളെ സിറിയയിൽനിന്ന് തുടച്ചുനീക്കിയതുപോലെ ഞങ്ങൾ മുസ്‌ലിംകളെ ഈ നാട്ടിൽനിന്ന് തുടച്ചുനീക്കും. ഇസ്‌ലാം ഇവിടെ വിജയിക്കുമെന്ന മുഹമ്മദിന്റെ പ്രവചനം വെറും വ്യാമോഹമാണ്. ഇതായിരുന്നു അവരുടെ വീമ്പ്. പേർഷ്യൻ വിജയത്തെ മൊത്തത്തിൽ സൂചിപ്പിച്ചുകൊണ്ട് ഖുർആൻ പറയുന്നതിതാണ്: ഇതൊന്നും യാദൃഛികസംഭവങ്ങളല്ല. അല്ലാഹുവിന്റെ നീതിനിഷ്ഠമായ നടപടിക്രമത്തിന്റെ ഫലമായിട്ടാണ് എല്ലാം സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഇഹലോകത്തിന്റെ ബാഹ്യപ്രതിഭാസങ്ങൾ മാത്രം നിരീക്ഷിച്ച് വിധിയെഴുതുന്നവരുടെ ദൃഷ്ടിയിൽ ദൈവിക നടപടിയുടെ അർഥവും ന്യായവും പരിണതിയുമൊന്നും വരുന്നില്ല. അവർ തുടച്ചുനീക്കപ്പെട്ടു എന്നു കരുതുന്ന റോം വിദൂരമല്ലാത്ത ഭാവിയിൽ വിജയിക്കാൻ പോവുകയാണ്.

തുടർന്ന്, ഭൗതിക ലോകത്തിന്റെ ക്രമവും ചരിത്രവും ആഴത്തിൽ പരിശോധിച്ചു നോക്കുന്നവർക്ക് അത് സ്രഷ്ടാവിന്റെ ഒരു തമാശയല്ലെന്ന് സ്വയം ബോധ്യപ്പെടുമെന്ന് ഉണർത്തുന്നു. അതിനാൽ അതിന് തീർച്ചയായും രക്ഷാശിക്ഷകളിൽ അധിഷ്ഠിതമായ ഒരു പര്യവസാനമുണ്ടായിരിക്കും. അല്ലാഹു ഓരോ സമുദായത്തോടും സ്വീകരിക്കുന്നത് ആ സമുദായത്തിന്റെ പ്രവർത്തനത്തോട് യോജിച്ച സമീപനമാണെന്ന് സമുദായങ്ങളുടെ ചരിത്രം സ്പഷ്ടമാക്കുന്നു. മരണാനന്തര ജീവിതം ഒരനിവാര്യതയാണ്. അതിനെ നിഷേധിക്കുന്നവർ ഒരു സ്വാഭാവിക സത്യത്തെയാണ് നിഷേധിക്കുന്നത്. ഉയിർത്തെഴുന്നേൽപ് സംഭവിക്കുമ്പോൾ വിഗ്രഹാരാധകർ വിശ്വാസമർപ്പിക്കുന്ന ശിപാർശകരൊന്നും അവരെ സഹായിക്കാനെത്തുകയില്ല. ആരാധനയും ആത്യന്തികമായ അനുസരണവും അർഹിക്കുന്നത് അല്ലാഹു മാത്രമാകുന്നു. പ്രപഞ്ചത്തിലെ സകല വസ്തുക്കളും സ്തുതിക്കുകയും പ്രകീർത്തിക്കുകയും ചെയ്യുന്നത് അവനെയാകുന്നു. മനുഷ്യനും അതുതന്നെയാണ് ചെയ്യേണ്ടത്.

പിന്നെ, പ്രവാചകനും ശിഷ്യന്മാരും പിന്തുടരുന്ന മതം പ്രകൃതിയിലധിഷ്ഠിതമാകുന്നു എന്ന് ഉദ്ബോധിപ്പിക്കുന്നു. നമസ്കാരവും സകാത്തുമാണതിന്റെ അടിസ്ഥാന സ്തംഭങ്ങൾ. ഈ പ്രകൃതിമതത്തെ വികലമാക്കുന്നവർ നിശിതമായി വിചാരണ ചെയ്യപ്പെടുമെന്ന് താക്കീത് ചെയ്യുന്നു. സ്വന്തം മാർഗത്തിൽ ക്ഷമയോടെ പ്രവർത്തിച്ചുകൊണ്ട് വിചാരണാനാളിനെ കാത്തിരിക്കാൻ സത്യവിശ്വാസികളെയും ഉദ്ബോധിപ്പിക്കുന്നു.

ഒടുവിൽ അല്ലാഹുവിന്റെ വിജയ വാഗ്ദാനം യാഥാർഥ്യമാണെന്നതിന്റെ ചരിത്രപരമായ തെളിവുകളും അടയാളങ്ങളും ചൂണ്ടിക്കാണിച്ച് അല്ലാഹുവിന്റെ വാഗ്ദാനം നിറവേറ്റപ്പെടുക തന്നെ ചെയ്യുമെന്ന് ഊന്നിപ്പറഞ്ഞുകൊണ്ട് സൂറ സമാപിക്കുന്നു. ●

---

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

**പരമദയാലുവും കരുണാവാരിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ**

---

الٓمٓ ﴿١﴾

1. അലിഫ്-ലാം-മീം

സൂറാരംഭങ്ങളിലുള്ള ഇത്തരം അക്ഷരങ്ങളെക്കുറിച്ച് മുൻ സൂറകളിൽ ഇതുപോലുള്ള അക്ഷരങ്ങൾ വന്നപ്പോൾ ചർച്ച ചെയ്തിരിക്കുന്നു. സൂറകളുടെ ഖുർആനിക നാമമായി ചില വ്യാഖ്യാതാക്കൾ ഈ അക്ഷരങ്ങളെ പരിഗണിക്കുന്നുണ്ട്. തൊട്ടു മുമ്പുള്ള സൂറയുടെ തുടക്കവും ഇതേ അക്ഷരങ്ങൾ കൊണ്ടാണ്. ഈ രണ്ടു സൂറകളുടെ കാര്യത്തിൽ ഒരു പ്രത്യേകതയുണ്ട്. സാധാരണ ഒറ്റ അക്ഷരങ്ങൾ കൊണ്ട് തുടങ്ങുന്ന സൂറകൾ തുടർന്ന് പരാമർശിക്കാറുള്ളത് ذكر (ഉദ്ബോധനം), تنزيل (വേദാവതരണം), الكتاب (വേദം) ഖുർആൻ എന്നിവയെയാണ്. ഈ രണ്ട് സൂറകളും, പിന്നെ സൂറ *അൽ ഖലമും* അതിന്നപവാദമാകുന്നു. ●

---

غُلِبَتِ الرُّومُ ﴿٢﴾

2. റോം പരാജയപ്പെട്ടിരിക്കുന്നു.

فِي أَدْنَى الْأَرْضِ وَهُم مِّن بَعْدِ غَلَبِهِمْ سَيَغْلِبُونَ ﴿٣﴾

3. അയൽനാട്ടിൽ. ഈ പരാജയത്തിനു പിറകെ താമസിയാതെ അവർ ജേതാക്കളാകുന്നുണ്ട്;

فِي بِضْعِ سِنِينَ ۗ لِلَّهِ الْأَمْرُ مِن قَبْلُ وَمِن بَعْدُ ۚ وَيَوْمَئِذٍ يَفْرَحُ الْمُؤْمِنُونَ ﴿٤﴾

4. ഏതാനും വർഷങ്ങൾക്കകം തന്നെ - മുമ്പും പിമ്പും കാര്യത്തിന്റെ കടിഞ്ഞാൺ അല്ലാഹുവിന്റെ മാത്രം കരത്തിലാകുന്നു- അന്ന് സത്യവിശ്വാസികളും സന്തോഷിക്കുന്നതായിരിക്കും.

**2-4**

غُلِبَتِ الرُّومُ = റോം ജയിക്ക(പരാജയ)പ്പെട്ടിരിക്കുന്നു فِي أَدْنَى الْأَرْضِ = അടുത്ത ഭൂമിയില്‍, അയല്‍നാട്ടില്‍
وَهُم = അവര്‍ (റോം) مِّن بَعْدِ غَلَبِهِمْ = അവരുടെ (പേര്‍ഷ്യയുടെ) വിജയത്തിനു (റോമിന്റെ പരാജയത്തിനു) പിറകെ
سَيَغْلِبُونَ = ശേഷം (താമസിയാതെ) അവര്‍ ജയിക്കും (ജേതാക്കളാകുന്നുണ്ട്)
فِي بِضْعِ سِنِينَ = ഏതാനും വര്‍ഷങ്ങള്‍ക്കകം (ഒരു ദശകത്തിനുള്ളില്‍ തന്നെ)
لِلَّهِ الْأَمْرُ = കല്‍പന, കാര്യം, അധികാരം അല്ലാഹുവിന്റേത് (കാര്യത്തിന്റെ കടിഞ്ഞാണ്‍ അല്ലാഹുവിന്റെ മാത്രം ഹസ്തത്തില്‍) ആകുന്നു
مِن قَبْلُ وَمِن بَعْدُ = മുമ്പും പിമ്പും وَيَوْمَئِذٍ = അന്ന് يَفْرَحُ = സന്തോഷിക്കുന്നതായിരിക്കും الْمُؤْمِنُونَ = സത്യവിശ്വാസികളും

أَدْنَى الْأَرْضِ അടുത്ത ഭൂമിയാണ്. അക്കാലത്തെ അറേബ്യയുടെ അയല്‍രാജ്യമായിരുന്ന സിറിയ (ശാം) ആണ് ഇവിടെ ഉദ്ദേശ്യം. ഇറാഖ്, സിറിയ, ഫലസ്തീന്‍, ജോര്‍ദാന്‍ തുടങ്ങിയ ഏഷ്യന്‍ രാജ്യങ്ങളും ഉത്തരാഫ്രിക്കയിലെ ഈജിപ്ത് മുതല്‍ മൊറോക്കോ വരെയുള്ള രാജ്യങ്ങളും ഇസ്‌ലാമിനു മുമ്പ് അറബ് രാജ്യങ്ങളായിരുന്നില്ല.

റോമന്‍ ഭരണകൂടത്തിലുണ്ടായ സംഘര്‍ഷവും അസ്ഥിരതയും മുതലെടുത്ത് സി.ഇ 603-ല്‍ പേര്‍ഷ്യ റോമിനോട് യുദ്ധം പ്രഖ്യാപിച്ചിരുന്നു. തുടര്‍ന്ന് റോമന്‍ പ്രദേശങ്ങള്‍ ഓരോന്നോരോന്നായി പേര്‍ഷ്യ പിടിച്ചെടുത്തു. സി.ഇ 613-15 കാലത്ത് ഫലസ്തീനും ജോര്‍ദാനും ഉള്‍പ്പെടെയുള്ള സിറിയന്‍ പ്രദേശത്തു നിന്നു കൂടി റോമിനെ തുരത്തിയതോടെ മേഖലയില്‍ പേര്‍ഷ്യയുടെ വിജയം ഏതാണ്ട് പൂര്‍ണമായി. ഈ സന്ദര്‍ഭത്തില്‍ റോമിന്റെ പരാജയം ഏകദൈവവാദത്തിന്റെ, അഥവാ മുസ്‌ലിംകളുടെ കൂടി പരാജയമായും ബഹുദൈവവാദത്തിന്റെ വിജയമായും വിലയിരുത്തി ആഘോഷിക്കുകയായിരുന്നു ഖുറൈശികള്‍. അവരോട് പറയുകയാണ്: നിങ്ങള്‍ അങ്ങനെ ആഘോഷിക്കുകയൊന്നും വേണ്ട. പേര്‍ഷ്യയുടെ വിജയം താല്‍ക്കാലികമാണ്. ഒരു ദശകത്തിനകം റോം അവരെ തോല്‍പിച്ച് തിരിച്ചുവരും. അന്ന് മുസ്‌ലിംകള്‍ റോമിന്റെ വിജയത്തിനു പുറമെ സ്വന്തം വിജയത്തിലും സന്തുഷ്ടരാകും. ഖുര്‍ആന്റെ പ്രവചനം കൃത്യമായി പുലര്‍ന്നതിലും വിശ്വാസികള്‍ സന്തോഷിക്കും.

സി.ഇ 614 ആകുമ്പോഴേക്കും ഈജിപ്ത് ഉള്‍പ്പെടെയുള്ള ഉത്തരാഫ്രിക്കയിലെ റോമന്‍ കോളനികളും പേര്‍ഷ്യ കൈവശപ്പെടുത്തി. ഈ പരാജയത്തോടെ ലോകം റോമിന്റെ കഥകഴിഞ്ഞതായി കണക്കാക്കി. ഒരു ലക്ഷത്തോളം ക്രിസ്ത്യാനികള്‍ കൊല്ലപ്പെട്ടു. പ്രദേശത്തെ ക്രൈസ്തവ ദേവാലയങ്ങളെല്ലാം തകര്‍ക്കപ്പെട്ടു. റോമിന്റെ ശിഷ്ടകോളനികള്‍ കീഴടങ്ങാന്‍ പേര്‍ഷ്യന്‍ സൈന്യം അവിടെ എത്തേണ്ട താമസമേ ഉണ്ടായിരുന്നുള്ളൂ. ഇത് പേര്‍ഷ്യന്‍ രാജാവ് ഖുസ്രു പര്‍വേസിനെ തെല്ലൊന്നുമല്ല അഹങ്കാരിയും ഉദ്ധൃതനുമാക്കിയത്. ബൈത്തുല്‍ മഖ്ദിസ് കീഴടക്കിയ പര്‍വേസ് സീസര്‍ ഹെര്‍കുലീസിന് എഴുതി:

'ദൈവങ്ങളിലേറ്റം വലിയ ദൈവവും ഭൂലോകത്തി നഖിലം ഉടയവനുമായ ഖുസ്രുവിന്റെ സന്നിധിയില്‍നിന്ന് അദ്ദേഹത്തിന്റെ നിസ്സാരനും ബോധഹീനനുമായ അടിമ ഹെര്‍കുലീസിന്. നീ നിന്റെ ദൈവത്തിങ്കല്‍ സര്‍വതും സമര്‍പ്പിച്ചിരിക്കുന്നുവെന്ന് നീ പറയുന്നുണ്ടല്ലോ, നിന്റെ റബ്ബ് എന്തേ എന്റെ കൈയില്‍നിന്ന് യരൂശലത്തെ രക്ഷിച്ചില്ല?'

പിന്നീട് പേര്‍ഷ്യ അതിന്റെ ജൈത്രയാത്ര തുടര്‍ന്നു. അവര്‍ കോണ്‍സ്റ്റാന്റിനോപ്പിളിന്റെ തൊട്ടടുത്തുള്ള ഖാദിക്കോയ് പിടിച്ചടക്കിയപ്പോള്‍ സീസര്‍ എന്തു വില കൊടുത്തും ഖുസ്രുവുമായി സന്ധിയുണ്ടാക്കാന്‍ തയാറാണെന്നറിയിച്ചുകൊണ്ട് ഖുസ്രു പര്‍വേസിന്റെ അടുത്തേക്ക് പ്രതിനിധികളെ അയച്ചു. ഖുസ്രു പ്രതികരിച്ചതിങ്ങനെയാണ്: ''സീസര്‍ എന്റെ മുമ്പില്‍ വന്ന് സ്വന്തം വാള്‍ അടിയറവെക്കുകയും അവരുടെ ക്രൂശിത ദൈവത്തെ വെടിഞ്ഞ് അഗ്നി മഹാദേവന്റെ അടിമത്തം സ്വീകരിക്കുകയും ചെയ്യുന്ന ഇവരെ ഞാന്‍ അയാള്‍ക്ക് സുരക്ഷ നല്‍കുന്നതല്ല.'' ഒടുവില്‍ സീസര്‍ക്ക് കോണ്‍സ്റ്റാന്റിനോപ്പിളില്‍നിന്ന് പലായനം ചെയ്യേണ്ടി വന്നു.

ഈ സാഹചര്യത്തില്‍ റോമാ സാമ്രാജ്യത്തിന്റെ തിരിച്ചുവരവും പേര്‍ഷ്യയെ തോല്‍പിക്കലും സാമാന്യ ബുദ്ധിക്ക് സങ്കല്‍പിക്കാനാവാത്തതായിരുന്നു. ഏതാനും വര്‍ഷങ്ങള്‍ക്കുള്ളില്‍ റോം പേര്‍ഷ്യയെ ജയിക്കുമെന്ന് ഖുര്‍ആന്‍ പ്രവചിച്ചപ്പോള്‍ ഖുറൈശികള്‍ അതിനെ പുഛിച്ചുതള്ളി. മൂന്നുവര്‍ഷത്തിനകം റോമക്കാര്‍ പേര്‍ഷ്യയെ തോല്‍പിക്കുകയില്ലെന്ന് വിശ്വസിച്ച ഉബയ്യുബ്നു ഖലഫ് അബൂബക്‌റു(റ)മായി പന്തയം വെച്ചു. 5 ഒട്ടകമായിരുന്നു പന്തയത്തുക. വിവരമറിഞ്ഞ നബി(സ) അബൂബക്‌റിനോടു പറഞ്ഞു: ഖുര്‍ആന്‍ പറഞ്ഞത് بِضْعِ سِنِينَ എന്നാണല്ലോ. പത്തില്‍ താഴെയുള്ള സംഖ്യയാണ് بِضْع. അതുകൊണ്ട് പന്തയത്തിന്റെ കാലാവധി പത്തു വര്‍ഷത്തിനുള്ളില്‍ എന്നും പന്തയമുതല്‍ 100 ഒട്ടകം എന്നും വര്‍ധിപ്പിക്കുക. പത്തുവര്‍ഷം കൊണ്ടും റോം പേര്‍ഷ്യയെ ജയിക്കാന്‍ പോകുന്നില്ലെന്ന് ഉറച്ചു വിശ്വസിച്ച ഉബയ്യ് ആ ഭേദഗതി സ്വീകരിച്ചു.

സി.ഇ 623-ല്‍ ക്രൈസ്തവ സഭയുടെ പിന്തുണയും സാമ്പത്തിക സഹായവും നേടി സീസര്‍ ഹെര്‍കുലീസ് അര്‍മീനിയയില്‍നിന്ന് പേര്‍ഷ്യക്കെതിരെ വിജയകരമായ പ്രത്യാക്രമണമാരംഭിച്ചു. 624-ല്‍ അസര്‍ബൈജാന്‍ കീഴട

ക്കി. സൗരാഷ്ട്രരുടെ ജന്മഭൂമിയായ ഇർമിയാ തകർത്തു. അങ്ങനെ ഖുർആൻ പ്രവചിച്ച റോമിന്റെ തിരിച്ചുവരവ് യാഥാർഥ്യമായി. അന്ന് സത്യവിശ്വാസികൾ സന്തോഷിക്കും - يَوْمَئِذٍ يَفْرَحُ الْمُؤْمِنُونَ- എന്ന വാക്യം ഈ വിജയത്തിനു പുറമെ മറ്റൊരു പ്രവചനവും കൂടി ഉൾക്കൊണ്ടിരുന്നു. മക്കയിലെ നിഷേധികളെ മുസ്‌ലിംകൾ ജയിക്കും എന്നതാണ് ആ പ്രവചനം. പേർഷ്യക്കെതിരെ റോം നിർണായക വിജയം നേടിയ സി.ഇ 624-ൽ തന്നെയാണ് ബദ്ർ യുദ്ധം നടന്നതും മുശ്‌രിക്കു പടക്കെതിരെ മുസ്‌ലിംകൾ നിർണായക വിജയം നേടിയതും. ഇങ്ങനെ ഈ സൂക്തങ്ങളിലെ രണ്ടു പ്രവചനവും -മുസ്‌ലിംകൾ അവിശ്വാസികളെ ജയിക്കും എന്ന പ്രവചനവും റോം പേർഷ്യയെ ജയിക്കും എന്ന പ്രവചനവും- യാഥാർഥ്യമായി. പ്രവചനം നടത്തുന്ന കാലത്തെ രാഷ്ട്രീയവും സൈനികവും സാമ്പത്തികവുമായ സ്ഥിതിഗതികൾ പരിശോധിക്കുന്ന ആർക്കും ആ പ്രവചനം ഫലിക്കുമെന്ന് പ്രതീക്ഷിക്കാനാവില്ലായിരുന്നു. കണക്കുകൂട്ടലുകൾക്കൊന്നും വഴങ്ങാത്ത ഈ പ്രവചനം അതിന്റെ സമയമായപ്പോൾ പുലർന്നത് ഖുർആനിന്റെ ദൈവികതക്ക് തെളിവായി ചൂണ്ടിക്കാണിക്കപ്പെടുന്നു. അബൂബക്‌റു(റ)മായി പന്തയത്തിലേർപ്പെട്ട ഉബയ്യ് ഉഹുദ് യുദ്ധത്തിൽ മരണപ്പെട്ടിരുന്നു. അബൂബക്ർ(റ) പന്തയം ജയിച്ചതിനെ തുടർന്ന് ഉബയ്യിന്റെ കുടുംബം അയാൾ പന്തയം കെട്ടിയ മുതൽ അബൂബക്‌റിനു(റ) നൽകുകയുണ്ടായി. അതെന്തു ചെയ്യണമെന്നന്വേഷിച്ചുകൊണ്ട് അദ്ദേഹം പ്രവാചകനെ സമീപിച്ചു. പ്രവാചകൻ അതു ദാനം ചെയ്യാൻ നിർദേശിച്ചു. പന്തയമുതൽ നിഷിദ്ധ ധനം - سُحْت ആയതുകൊണ്ടാണ് അത് സ്വയം ഉപയോഗിക്കാതെ ദാനം ചെയ്യാൻ കൽപിച്ചതെന്ന് ചില നിവേദനങ്ങളിൽ പറയുന്നു. അബൂബക്ർ (റ) പന്തയം കെട്ടുന്ന കാലത്ത് വാതുവെപ്പ് നിരോധിക്കപ്പെട്ടിരുന്നില്ല, മുതൽ കൈമാറേണ്ട കാലം വന്നപ്പോഴേക്കും ശരീഅത്ത് അത് നിരോധിച്ചു എന്നും ഫുഖഹാക്കൾ വിശദീകരിക്കുന്നു.

സീസർ ജൈത്രയാത്ര പിന്നെയും തുടർന്നു. സി.ഇ 627-ൽ നീനവായിൽ വെച്ചു നടന്ന ഏറ്റുമുട്ടലിൽ പേർഷ്യൻ സാമ്രാജ്യത്തിന്റെ അടിത്തറയിളകി. ചക്രവർത്തിയുടെ ആസ്ഥാനമായ ദസ്ത്ഗർദ് തകർക്കപ്പെട്ടു. സി.ഇ 628-ൽ ഖുസ്രു പർവേസ് കാരാഗൃഹത്തിൽ കിടന്ന് മരിച്ചു. ഇതേ വർഷമാണ് ഖുർആൻ പ്രവാചകന്റെ 'തുറന്ന വിജയം' എന്നു വിശേഷിപ്പിച്ച ഹുദൈബിയ സന്ധി നടന്നത്. സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി തന്റെ *തഫ്ഹീമുൽ ഖുർആനിൽ* റോമാ-പേർഷ്യൻ യുദ്ധചരിത്രം വിശദമായി പ്രതിപാദിക്കുന്നുണ്ട്.

ഇപ്പോൾ സംഭവിച്ചതും ഇനി സംഭവിക്കാനിരിക്കുന്നതുമെല്ലാം അല്ലാഹുവിന്റെ നിശ്ചയപ്രകാരമുള്ളതാകുന്നു എന്നാണ് لِلَّهِ الْأَمْرُ مِن قَبْلُ وَمِن بَعْدُ -വിന്റെ താൽപര്യം. വൻകിട ജനതകളുടെ ചരിത്രത്തിൽ ഇതുപോലുള്ള മഹാസംഭവങ്ങൾ അരങ്ങേറുന്നത് കാലചക്രത്തിന്റെ കറക്കത്തിൽ യാദൃഛികമായിട്ടല്ല, മറിച്ച് അല്ലാഹുവിന്റെ നിശ്ചയപ്രകാരമാകുന്നു. അല്ലാഹുവിന്റെ നിശ്ചയങ്ങളോ, തികഞ്ഞ സത്യത്തിലും നീതിയിലും അധിഷ്ഠിതമാണ്. റോമൻ ജനതയുടെ ധാർമികവും സാംസ്കാരികവുമായ ജീർണതകൾ ശക്തമായ ഒരു പിടിച്ചുകുലുക്കൽ ആവശ്യപ്പെടുമ്പോൾ, ചില ശരിയായ വിശ്വാസങ്ങളും ആചാരങ്ങളും നിലനിൽക്കുന്നുണ്ട് എന്നതുകൊണ്ട് അവർക്ക് രക്ഷപ്പെടാനാവില്ല. അനുഷ്ഠാനങ്ങൾക്കും വിശ്വാസങ്ങൾക്കും സാമൂഹിക ജീവിതത്തെ നിർമാണാത്മകമോ നാശോന്മുഖമോ ആക്കുന്നതിൽ കാര്യമായ പങ്കില്ല. അനുഷ്ഠാനങ്ങളും ആദർശങ്ങളും സൃഷ്ടിക്കുന്നതും സൃഷ്ടിക്കേണ്ടതുമായ വ്യഷ്ഠിഗതവും സമഷ്ഠിഗതവുമായ ക്യാരക്ടറാണ് കാര്യം. മെച്ചപ്പെട്ട ക്യാരക്ടർ സൃഷ്ടിക്കാത്ത അനുഷ്ഠാനങ്ങൾകൊണ്ട് ഒരു കാര്യവുമില്ല. റോമക്കാരുടെ സ്വഭാവ ജീർണതയാണ് അഗ്നിയാരാധകർക്കു മുമ്പിൽ അവർ പരാജയപ്പെടാൻ കാരണമായത്. ഭാവിയിൽ അവർ വിജയിക്കുമെന്ന് പ്രവചിക്കുന്നുണ്ടല്ലോ, ആ വിജയവും അല്ലാഹുവിന്റെ നിശ്ചയത്താൽ അവന്റെ നീതിയുടെയും ന്യായത്തിന്റെയും താൽപര്യമായി ഉണ്ടാകുന്നതാണ്. റോമക്കാർ സ്വന്തം അവസ്ഥ സംസ്കരിക്കുകയും ഇറാനികൾക്കെതിരെ ദൈവ സഹായത്തിന് അർഹരാവുകയും ചെയ്യുമ്പോഴേ ഈ വിജയം അവർക്കു ലഭിക്കുകയുള്ളൂ.

ആധുനിക മുസ്‌ലിം ലോകം നേരിടുന്ന അപചയങ്ങളെയും ഈ കണ്ണാടിയിലൂടെ നോക്കിക്കാണാവുന്നതാണ്. പക്ഷേ, അധികാരവും സമ്പത്തും മതനേതൃത്വവും കൈയടക്കിയവർ അതിനു നേരെ കണ്ണുതുറക്കാൻ തയാറല്ല എന്നുമാത്രം. അവർ തങ്ങൾക്ക് സൗകര്യപ്രദമായ ഓരോ കാരണങ്ങൾ കണ്ടെത്തി കൂടുതൽ വലിയ അപചയങ്ങളിൽ ചെന്നു ചാടിക്കൊണ്ടിരിക്കുന്നു.

ഇന്നത്തെപ്പോലെ പ്രവാചകന്റെ കാലത്തെ ക്രൈസ്തവരും ഈസാ നബിയുടെ അധ്യാപനങ്ങൾ പൂർണമായി പിന്തുടരുന്നവരായിരുന്നില്ല. ഗ്രീക്ക്-റോമൻ-കോപ്റ്റിക് പാരമ്പര്യങ്ങളിൽനിന്നുള്ള പല അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അതിൽ കലർന്നു കഴിഞ്ഞിട്ടുണ്ടായിരുന്നു. എങ്കിലും വിഗ്രഹാരാധകരെ അപേക്ഷിച്ച് മുസ്‌ലിംകൾക്ക് അവരോട് കൂടുതൽ അനുഭാവവും സൗഹൃദവുമുണ്ടായിരുന്നു. അവർ അടിസ്ഥാനപരമായി ഏകദൈവത്തിലും പരലോകത്തിലും വേദത്തിലും വിശ്വസിക്കുന്നു എന്നതാണതിന്റെ പ്രധാന കാരണം. അവരിൽ സ്വന്തം വേദം മുൻവിധിയില്ലാതെ നിഷ്കളങ്കമായി വായിക്കുന്നവർ അതിൽ മുഹമ്മദീയ പ്രവാചകത്വം പ്രവചിക്കുന്ന വചനങ്ങൾ കാണുകയും അദ്ദേഹത്തിൽ വിശ്വസിക്കാൻ മുന്നോട്ടു വരികയും ചെയ്തിരുന്നു. *അൽഅൻകബൂത്ത്* 46-ാം സൂക്തം, വേദക്കാരുമായി നല്ല രീതിയിൽ മാത്രമേ സംവദിക്കാവൂ എന്നു കൽപിച്ചുകൊണ്ട് അതിനു ന്യായമായി മുസ്‌ലിംകൾ അവരുടെ വേദത്തിലും വിശ്വസിക്കുന്നവരാണെന്നും രണ്ടു കൂട്ടരുടെയും ദൈവം ഒന്നാണെന്നും പ്രസ്താവിച്ചിരിക്കുന്നു. ഖുറൈശികളുടെ മർദനത്തിൽ പൊറുതിമുട്ടിയ കുറേ മുസ്‌ലിംകൾ അബ്സീനിയയിലേക്കു പലായനം ചെയ്തതും അവിടത്തെ ക്രൈസ്തവ രാജാവായ നേഗസ് അവർക്ക് അഭയം നൽകിയതും ക്രൈസ്തവരോടുള്ള സൗഹൃദം ബലപ്പെടുത്തിയ ഘടകങ്ങളായിരുന്നു.

●